## അന്തരിച്ചു

### ബേബിഗുരിക്കാർ

ഉപ്പളകനിലഭഗവതിക്ഷേത്രത്തിലെസ്ഥാനികൻ ഉദ്യാവാർ, മാടയിലെ ബേബിഗുരിക്കാർ (75) അന്തരിച്ചു. ഭാര്യ: ലക്ഷ്മി. മക്കൾ: യശവന്തി, സുരേശ, വാണി, തുളസീദാസ, മമത. മരുമക്കൾ: നവീൻ, താരാനാഥ്, മണി, നിഷ, സുരേശ. സംസ്ക്കാരം ക്ഷേത്ര പരിസരത്ത് ആചാര്യ വിധികളോടെ നടന്നു.

### രാമചന്ദ്ര

മഞ്ചേശ്വർ മധൂർ കോപ്പറേറ്റീവ് ബാങ്ക് ഡയറക്ടറും നാടകകലാകാരനുമായിരുന്ന എല്ലംകള രാമചന്ദ്ര(55) അന്തരിച്ചു. ഭാര്യ: സവിത. മകൻ: റിഷിൻ സംസ്ഥാന ജൂനിയർ കബഡി താരമാണ്. മറ്റൊരു മകൻ: രഞ്ജൻ.

### നാരായണൻ

ബന്തിയോട്: അട്ക്ക പഞ്ചത്തട്ടി കോളനിയിലെ ബാലു മൂന്ത്രി എന്ന നാരായണൻ (59) അന്തരിച്ചു. ഭാര്യ: ചഞ്ചലാക്ഷി. മക്കൾ: അർച്ചന, അർപ്പണ, അക്ഷിത, നിശ്ചിത. മരുമക്കൾ: അശോക, ജിതേന്ദ്ര. സഹോദരങ്ങൾ: രാമ, ലക്ഷ്മി,ദേവകി.

### യുവതി കുഴഞ്ഞു വീണു മരിച്ചു

ബോവിക്കാനം: ബീഡി തൊഴിലാളിയായ യുവതി കുഴഞ്ഞു വീണു മരിച്ചു. മുതലപ്പാറയിലെ പരേതനായ രാമന്റേയും ലക്ഷ്മിയുടെയും മകൾ ബിന്ദു(33)വാണ് ഇന്നലെ വൈകിട്ട് വീട്ടിൽ കുഴഞ്ഞ് വീണത്. ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സംഭവിച്ചു. ഭർത്താവ് അശോകൻ. മക്കൾ: ലാവണ്യ, ഭാഗ്യശ്രീ, തേജശ്രീ. സഹോദരങ്ങൾ: കൃഷ്ണൻ, ലീല, വിനോദ്, ആശ.


**സിനിമ കാസർകോട്**

**മൂവിമാക്സ് സർക്കിൾ**

For Online Booking
www.bookmyshow.com

കുറുപ്പ്
(M) (10.00, 1.00, 7.00, 10.00)

JANEMAN
(M.) (10.00, 1.00, 4.00, 7.00)

ആഹാ
(M.) (1.00, 4.00, 10.00)

എല്ലാം ശരിയാവും
(M.) (10.00, 4.00, 7.00, 10.00)

**CINI KRISHANA**

കുറുപ്പ്
(M) (1.30, 4.30 7.30)

ലാൽ ബാഗ്
(M) (1.30,7.30)

NANNA HESARU KISHORA
(K) (10.30,4.30,10.00)

For Online Booking
www.bookmyshow.com

**KAVERI CINEMAS KARMAMTHODY**
A/C.DTS.DOLBY

Sceren 1
കുറുപ്പ്
(M) (11.00, 2.00, 6.00, 9.00)

Sceren-2
എല്ലാം ശരിയാകും
(M) (11.30, 2.30, 6.30, 9.15)


# മാലിന്യപ്ലാന്റ് സ്ഥാപിക്കാത്ത ഫ്ളാറ്റുകളുടെ വൈദ്യുതി വിച്ഛേദിക്കാൻ നിർദ്ദേശം

*മംഗൽപ്പാടി പഞ്ചായത്തിലെ ഫ്ളാറ്റുകളിലും വ്യാപാര കേന്ദ്രങ്ങളിലും ജില്ലാ കളക്ടർ നടത്തിയ മിന്നൽ പരിശോധന*

ഉപ്പള: ജില്ലയിൽ ഏറ്റവും കൂടുതൽ മാലിന്യ പ്രശ്നം നേരിടുന്ന മംഗൽപ്പാടി പഞ്ചായത്തിലെ മാലിന്യ പ്രശ്നത്തിൽ ജില്ലാ കളക്ടറുടെ അടിയന്തിര ഇടപെടൽ. മാലിന്യ സംസ്ക്കരണത്തിൽ അനാസ്ഥ കാണിച്ച കെട്ടിട ഉടമസ്ഥർക്ക് പിഴ ചുമത്തുകയും ഒരു മാസത്തിനകം മാലിന്യ പ്ലാന്റ് സ്ഥാപിക്കാത്ത ഫ്ളാറ്റുകളുടെ വൈദ്യുതി വിച്ഛേദിക്കാൻ കെ എസ് ഇ ബിക്ക് നിർദ്ദേശം നൽകുമെന്ന് താക്കീതു ചെയ്യുകയും ചെയ്തു. ഉദ്യോഗസ്ഥരേയും ഫ്ളാറ്റ് ഉടമകളേയും ഞെട്ടിച്ചുകൊണ്ടാണ് ഇന്നലെ ജില്ലാ കളക്ടർ ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് മിന്നൽ പരിശോധന നടത്തിയത്. മഞ്ചേശ്വരം താലൂക്ക് ഓഫീസിൽ എത്തിയ കലക്ടർ അപ്രതീക്ഷിതമായാണ് ഉപ്പളയിലെ വ്യാപാര വാണിജ്യ കേന്ദ്രങ്ങളിലും ഫ്ളാറ്റുകളിലും മിന്നൽ പരിശോധന നടത്തിയത്. ഒരൊറ്റ ഫ്ളാറ്റുകളിലും മാലിന്യം സംസ്കരിക്കാനുള്ള പ്രാഥമിക കാര്യങ്ങൾ ചെയ്തിട്ടില്ലെന്നും വാണിജ്യ സ്ഥാപനങ്ങളുടെ സ്ഥിതി വളരെ മോശമാണെന്നും കണ്ടെത്തി. മത്സ്യ മാർക്കറ്റിന് സമീപമുള്ള കെട്ടിടങ്ങളിലും, ഓടകളിലും പുഴുവരിച്ച് ദുർഗന്ധം വമിക്കുകയായിരുന്നു. പഞ്ചായത്ത് പരിധിയിൽ നിയമം ലംഘിച്ചും, മനപ്പൂർവം പൊതു സ്ഥലം വൃത്തിഹീനമാക്കുന്നവർക്കുമെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കും. ഇതിന്റെ മുന്നോടിയായി നിയമം ലംഘിച്ച നൂറോളം കെട്ടിടങ്ങൾക്ക് 25000 രൂപ പിഴ ചുമത്തി. കെട്ടിട ഉടമ പിഴ അടച്ച് മാലിന്യ സംസ്കരണ യുണിറ്റ് നിർമ്മിച്ച കാര്യം പഞ്ചായത്തിനെ രേഖാ മൂലം ഒരു മാസത്തിനുള്ളിൽ അറിയിക്കണം.അല്ലാത്ത പക്ഷം കെട്ടിടത്തിന്റെ ലൈസൻസ് കട്ട് ചെയ്യാനും, വൈദ്യുതി ബന്ധം വിച്ഛേദിക്കാനും ഇലക്ട്രിസിറ്റി ബോർഡിന് നിർദേശം നൽകുമെന്നും കലക്ടർ അറിയിച്ചു. മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുന്നവർക്ക് ആയിരം രൂപ പാരിതോഷികവും പ്രഖ്യാപിച്ചു.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രിസാന സാബിർ, വൈസ് പ്രസിഡന്റ് യൂസഫ് ഹേരൂർ, ആരോഗ്യ വിഭാഗം ചെയർപേഴ്സൺ ഇർഫാന ഇഖ്ബാൽ, ക്ഷേമ കാര്യ വിഭാഗം ചെയർമാൻ ഹുസൈൻ ബൂണ്, ഉപ്പള ടൗൺ മെമ്പർ ശരീഫ് ടി എ,പഞ്ചായത്ത് സെക്രട്ടറി സന്തോഷ് വർഗീസ്, ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർ പ്രേമരാജൻ, മഞ്ചേശ്വരം സർക്കിൾ ഇൻസ്പെക്ടർ സന്തോഷ് ഹെൽത്ത് ഇൻസ്പെക്ടർ ദിലീപ് തുടങ്ങിയവർ കളക്ടറെ അനുഗമിച്ചു.

# ഭരണ സിരാകേന്ദ്രത്തിലേക്കുള്ള റോഡുകൾ തെരുവുനായ്ക്കൾ സ്വന്തമാക്കി

*ജില്ലാ ഭരണസിരാകേന്ദ്രത്തിനു മുന്നിൽ റോഡുകൾ കൈയടക്കി തെരുവുനായ്ക്കൾ*

കാസർകോട്: കളക്ടറേറ്റ്-കോടതി പരിസരങ്ങൾ തെരുവുനായ്ക്കളുടെ വിഹാരകേന്ദ്രമാവുന്നു.

വീടുകളിൽ നിന്നും മറ്റും ഭക്ഷ്യാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ചാക്കിൽകെട്ടിയും അല്ലാതെയും ഇവിടങ്ങളിൽ വ്യാപകമായി നിക്ഷേപിക്കുന്നതാണ് നായ്ക്കളുടെ താവളങ്ങളായി ഇവിടങ്ങളെ മാറ്റിയിട്ടുള്ളത്. കളക്ടറേറ്റിലും കോടതികളിലും എത്തുന്നവർ ഇതുമൂലം വിഷമിക്കുന്നു. കാൽനട യാത്രക്കാർക്കും തെരുവുനായ്ക്കളെപ്പേടിച്ചേ ഇതുവഴി യാത്ര ചെയ്യാൻ കഴിയുന്നുള്ളൂ. അതിരാവിലെ നടക്കാനിറങ്ങുന്നവർക്കു മുമ്പേയും പിന്നിലുമായി നായ്ക്കൂട്ടങ്ങൾ കാവൽപോകുന്നതും പതിവാണ്. ഇതുമൂലം പതിവുപ്രഭാതസവാരിക്കാർ റോഡിൽ നിന്ന് ഇറങ്ങിനടക്കുന്നു. റോഡിലുടെ നായ്ക്കളും നടക്കുന്നു.ജില്ലാ ഭരണസിരാകേന്ദ്ര പരിസരങ്ങളിലെങ്കിലും മാലിന്യങ്ങൾ തള്ളുന്നതും തെരുവുനായ്ക്കൾ അലയുന്നതും തടയേണ്ടതാണ്. പക്ഷേ, അതൊന്നുമുണ്ടാകാത്തതു ആളുകളെ നിരാശരാക്കുന്നു.


ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4470
പവന്: 35760
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com


## വാഹനമിടിച്ച് വൈദ്യുതി തൂൺ തകർന്നു

ഉദുമ: വാഹനമിടിച്ച് റോഡരുകിലെ വൈദ്യുതി തൂൺ തകർത്ത സംഭവത്തിൽ പൊലീസ് കേസെടുത്തു. കെ എസ് ഇ ബി ഉദുമ സെക്ഷൻ അസി. എഞ്ചിനീയർ എം ജെ ഷാനിമോന്റെ പരിതിയിൽ മേൽപറമ്പ് പൊലീസാണ് കേസെടുത്തത്. ഇക്കഴിഞ്ഞ 19ന് വൈകുന്നേരമാണ് സംഭവം. ഇതേ തുടർന്ന് സമീപ പ്രദേശത്തെ വൈദ്യുതി തടസ്സപ്പെട്ടതായും അപകടത്തിനു ഇടയാക്കിയ വാഹനം നിർത്താതെ പോയതായും പരാതിയിൽ പറഞ്ഞു.അപകടത്തിനു ഇടയാക്കിയ വാഹനം കണ്ടെത്താൻ അന്വേഷണം ആരംഭിച്ചതായി മേൽപ്പറമ്പ് പൊലീസ് ഇൻസ്പെക്ടർ ടി ഉത്തംദാസ് പറഞ്ഞു.

## സംസ്ഥാന കാരംസ് ചാമ്പ്യൻഷിപ്പ് ഡിസംബറിൽ പടന്നക്കാട്ട്

കാഞ്ഞങ്ങാട്: സംസ്ഥാന കാരംസ് ചാമ്പ്യൻഷിപ്പ് ഡിസംബർ 3 മുതൽ 5വരെ പടന്നക്കാട്ട് നടക്കും. ഗുഡ്ഷേപ്പേർഡ് ചർച്ച് ഹാളിലാണ് മത്സരങ്ങൾ. മെൻസ്, വിമൻസ്, വെറ്ററൻസ് വിഭാഗങ്ങളിൽ മത്സരങ്ങളുണ്ടാകും. സംഘാടക സമിതി രൂപീകരണയോഗം ഇന്നു വൈകിട്ട് 4ന് പുതിയകോട്ട ഗവ. റസ്റ്റ് ഹൗസിൽ ചേരുമെന്ന് അധികൃതർ അറിയിച്ചു.



*കാടകം പതിമൂന്നാംമൈലിലെ ബസ് കാത്തിരിപ്പുകേന്ദ്രം മരം കടപുഴകി വീണതിനെത്തുടർന്ന് തകർന്ന നിലയിൽ*

## സ്നേഹിതാ ജില്ലാതല കോർഡിനേഷൻ കമ്മിറ്റി യോഗം

# സ്ത്രീകൾക്കും കുട്ടികൾക്കും അവബോധ ക്ലാസുകൾ നൽകും

കാസർകോട്: ജില്ലയിലെ അങ്കണവാടി പ്രവർത്തകർ, ആശാവർക്കർമാർ എന്നിവരെ ഉൾപ്പെടുത്തി സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നപരിഹാരത്തിന് അവബോധ ക്ലാസുകൾ സംഘടിപ്പിക്കും. സ്നേഹിതാ ജൻഡർ ഹെൽപ് ഡെസ്കിന്റെ ജില്ലാതല കോർഡിനേഷൻ കമ്മിറ്റി യോഗത്തിലാണ് തീരുമാനം. നെഹ്റു യുവകേന്ദ്ര യുടെ യൂത്ത് ക്ലബ്ബുകളുമായി സംയോജിച്ച് ബോധവത്കരണ പരിപാടികൾ നടത്താനും സി ഡബ്ല്യു സി ആവശ്യാർത്ഥം ഹോമുകളിൽ ഫാമിലി കൗൺസിലിംഗ് നൽകുന്നതിനും തീരുമാനിച്ചു. എല്ലാ പൊലീസ് സ്റ്റേഷനുകളിലും സ്നേഹിതയെ കുറിച്ച് വിവരം നൽകുന്നതിന് ജില്ലാ പൊലീസ് മേധാവിക്ക് കത്ത് നൽകും. മറ്റു വകുപ്പുകളുമായി സംയോജിച്ച് പ്രവർത്തനങ്ങൾ വിപുലീകരിക്കാനും യോഗത്തിൽ തീരുമാനമായി. കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ എസ് സജീദ് അധ്യക്ഷനായി. കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ടി. ടി സുരേന്ദ്രൻ, ജൻഡർ ഡിപിഎം ആരതി, സ്നേഹിത കൗൺസിലർ ശോഭന, കുടുംബശ്രീ എ ഡി.എംസി പ്രകാശൻ പാലായി, മറ്റ് കോർകമ്മിറ്റി അംഗങ്ങൾ സംബന്ധിച്ചു.

*വിവിധ ആവശ്യങ്ങളുന്നയിച്ച് എൻ ജി ഒ സംഘ് ജില്ലാ കമ്മറ്റി നടത്തിയ ജില്ലാ നേതാക്കളുടെ ഉപവാസ സമരം കളക്ട്രേറ്റ് പരിസരത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് പി പീതാംബരൻ ഉദ്ഘാടനം ചെയ്യുന്നു*

ഇടവേളക്കാലം കഴിഞ്ഞിട്ടും ജില്ലയിൽ അരലക്ഷത്തിലേറെ പേർ ബാക്കി

# രണ്ടാം ഡോസിലെ അനാസ്ഥ അപകടകരമെന്ന് മുന്നറിയിപ്പ്

കാസർകോട്: സ്വകാര്യ ലോബിയുടെ സമ്മർദ്ദത്തിന് വഴങ്ങി രണ്ടാം ഡോസ് വാക്സിനേഷനിൽ സർക്കാർ മെല്ലെപ്പോക്ക് കൈക്കൊണ്ടതോടെ ജില്ലയിൽ വാക്സിനേഷൻ നിലച്ച അവസ്ഥ. ഇടവേളയിലെ സമയപരിധി കഴിഞ്ഞിട്ടും കാസർകോട്ട് അരലക്ഷത്തിലേറെ പേർ രണ്ടാം ഡോസ് സ്വീകരിച്ചിട്ടില്ലെന്ന് ആരോഗ്യ വിഭാഗം കണ്ടെത്തി. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വന്നതിനെ തുടർന്ന് ഭീതിയൊഴിഞ്ഞതോടെ പൊതു ഇടങ്ങളിലെ സമ്പർക്കം വഴി ഈ മാസമാദ്യം കോവിഡ് വ്യാപനത്തിൽ നേരിയ വർദ്ധനവ് അനുഭവപ്പെട്ടിരുന്നു.

ഇതേ തുടർന്ന് ആരോഗ്യ വകുപ്പ് ജില്ലയിൽ ജാഗ്രത കൈവിടരുതെന്ന് മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും രണ്ടാം ഡോസ് വാക്സിൻ വിതരണം ത്വരിതപ്പെടുത്താൻ നടപടിയൊന്നും ആയിട്ടില്ല. രണ്ടാം ഡോസിനോട് ചിലർ വിമുഖത കാട്ടുന്നുവെന്നാണ് അധികൃതർ നൽകുന്ന വിശദീകരണം. കോവിഡ് വ്യാപന നിയന്ത്രണങ്ങളിലൂടെ ജില്ല കൈവരിച്ച നേട്ടം ഇതുമൂലം ഇല്ലാതാകുമെന്ന ആശങ്കയും അധികൃതർ പങ്കുവെക്കുന്നു.

ജില്ലയിൽ ഇടവേള കഴിഞ്ഞിട്ടും രണ്ടാം ഡോസ് എടുക്കാത്തവർ 55500 പേർ ഉണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. രണ്ടാം ഡോസ് സ്വീകരിക്കാത്തവർക്ക് പ്രതിരോധ ശേഷി താഴ്ന്നു നിൽക്കുന്നതിനാൽ രോഗം പിടിപെടാനുള്ള സാധ്യത കൂടുതലാണെന്നും അധികൃതർ മുന്നറിയിപ്പ് നൽകുന്നു.

## കോവിഡ് വാക്സിനേഷൻ: രണ്ടാം ഡോസിനോട് വിമുഖത പാടില്ല:ഡി. എം. ഒ

കാസർകോട്: ജില്ലയിലെ കോവിഡ് വാക്സിനേഷന് അർഹതയുള്ളവരുടെ 98.07 ശതമാനവും ആദ്യഡോസ് വാക്സിൻ സ്വീകരിച്ചിട്ടുണ്ടെങ്കിലും രണ്ടാം ഡോസ് എടുത്തത് 59.56 ശതമാനം മാത്രമാണ്. രണ്ടാം ഡോസ് വാക്സിനേഷൻ എടുക്കാൻ സമയം കഴിഞ്ഞിട്ടും വാക്സിൻ സ്വീകരിക്കാതെ മാറിനിൽക്കുന്ന 55500 പേരാണ് ജില്ലയിലുള്ളത്. കോവിഡ് വാക്സിനേഷന്റെ രണ്ടാം ഡോസിനോട് ആളുകൾ വിമുഖത കാണിക്കരുതെന്നും ഇത് കോവിഡ് വ്യാപന നിയന്ത്രണ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. കൊറോണ വൈറസിനെതിരെ ശരീരത്തിൽ ആന്റിബോഡി സൃഷ്ടിച്ച് പ്രതിരോധം ഉറപ്പു വരുത്തലാണ് വാക്സിനേഷന്റെ ധർമ്മം. കൃത്യമായി വാക്സിൻ സ്വീകരിച്ചാൽ മാത്രമേ ശരീരത്തിലെ ആന്റിബോഡി നില നല്ല രീതിയിൽ ഉയരുകയും അത് ദീർഘകാലം നിലനിൽക്കുകയും ചെയ്യൂ. അതിനാൽ കോവിഡ് രോഗ നിയന്ത്രണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ള വാക്സിനേഷൻ പ്രവർത്തനങ്ങളുമായി ജില്ലയിലെ എല്ലാ ആളുകളും പൂർണ്ണമായി സഹകരിക്കണമെന്നും ഡി.എം.ഒ ഇൻചാർജ് ഡോ.ഇ. മോഹനൻ അഭ്യർത്ഥിച്ചു.

*അടോട്ട് കിഴക്കേവീട് തറവാടിൽ കെട്ടിയാടിയ പുതിയ ഭഗവതി തെയ്യം*

## സഹകരണ ബാങ്കുകളിൽ വായ്പകൾക്കു പലിശ വർധിപ്പിച്ചു

കാസർകോട്: സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും പലിശ വർധിപ്പിച്ചു. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ വിതരണം ചെയ്യുന്ന വിവിധ കാർഷികേതര-കാർഷിക അനുബന്ധ വായ്പകൾക്ക് നിലവിലുള്ള പലിശ രണ്ടു ശതമാനം വരെയാണ് വർധിപ്പിച്ചിട്ടുള്ളത്. അതേസമയം എസ് സി- എസ് ടി വിഭാഗങ്ങൾക്കു നിലവിലുള്ള പലിശയിൽ രണ്ടു ശതമാനം ഇളവു പ്രഖ്യാപിച്ചു. ഇതു സംബന്ധിച്ചു സഹകരണ രജിസ്ട്രാർ കഴിഞ്ഞ ആഗസ്റ്റിൽ ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

## കോവിഡ് പ്രതിരോധം: ജില്ല മുന്നിൽ; ഇന്നലെ പോസിറ്റീവായത് 60 പേർ മാത്രം

കാസർകോട്: കോവിഡ് പ്രതിരോധത്തിൽ ജില്ല മുന്നേറുന്നു. ഇന്നലെ 60 പേർക്കുമാത്രമാണ് കോവിഡ് പോസിറ്റീവായത്. നിലവിൽ 682 പേരേ ചികിത്സയിലുള്ളൂ. 4659 പേർ നിരീക്ഷണത്തിലുണ്ട്. ഇതുവരെയായി 141271 പേർക്കാണ് ജില്ലയിൽ കോവിഡ് ബാധിച്ചത്. കോവിഡ് ബാധിതരുടെ എണ്ണം കുറഞ്ഞുവരുന്നത് ജനങ്ങൾക്ക് ആശ്വാസമായിട്ടുണ്ട്.

## നെഹ്റു യുവകേന്ദ്ര വാർഷിക പരിപാടികൾക്ക് രൂപം നൽകി

കാസർകോട്: നെഹ്റു യുവകേന്ദ്ര ജില്ലാതല ഉപദേശക സമിതി യോഗം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു. ഡെപ്യൂട്ടി കളക്ടർ കെ. അജേഷ് അധ്യക്ഷനായി. യുവജന ക്ഷേമം, തൊഴിൽ നൈപുണ്യ വികസനം, ലഹരി വിരുദ്ധ ബോധവത്കരണം, ജല സംരക്ഷണം തുടങ്ങി വിവിധ മേഖലകളിൽ ഒരു വർഷം നടത്തുന്ന പരിപാടികൾക്ക് രൂപം നൽകി. ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ പി.അഖിൽ കർമ്മ പദ്ധതി അവതരിപ്പിച്ചു. ജില്ലാ സാമൂഹിക നീതി ഓഫീസർ ഷീബ മുംതാസ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സജിത്ത് കുമാർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എംമധുസൂദനൻ, സുരക്ഷാ പ്രോജക്ട് കോഓർഡിനേറ്റർ പി ശ്രീജിത്ത്, റെഡ് ക്രോസ് പ്രതിനിധി എംവിനോദ് മറ്റ് അംഗങ്ങൾ സംസാരിച്ചു.

## കാരുണ്യവഴിയിൽ വീണ്ടും സായിറാംഭട്ട്

# വീടിന്റെ താക്കോലും തയ്യൽ മെഷീനുകളും കൈമാറി

കാസർകോട്: കാരുണ്യവഴിയിൽ ജീവിതമുഴിഞ്ഞ് വച്ച സായിറാം ഗോപാലകൃഷ്ണഭട്ട് വീണ്ടും വീട് ദാനവുമായി രംഗത്ത്. സത്യസായിബാബയുടെ 96-ാം ജന്മദിനമായ ഇന്നലെ 265-ാമത്തെ വീടിന്റെ താക്കോലും മൂന്നു തയ്യൽമെഷീനുകളും കൈമാറി. കരുണാലയയിലെ ചന്ദ്രശേഖരൻ വീടിന്റെ താക്കോലും നിർദ്ധനരായ മൂന്നു വനിതകൾക്ക് തയ്യൽമെഷീനുകളും ഡിവൈഎസ്പി ടി പി പ്രേംരാജ് കൈമാറി.

*സത്യസായി ബാബയുടെ 96-ാം ജന്മദിനത്തിൽ സായിറാം ഭട്ട് വീടും തയ്യൽ മെഷീനുകളും നൽകിയപ്പോൾ*

റിട്ട. ഹെഡ്മാസ്റ്റർ സുബ്ബറായ് ഭട്ട് ആധ്യക്ഷം വഹിച്ചു.ബദിയഡുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാന്ത ബി, വൈസ് പ്രസിഡന്റ് എം അബ്ബാസ്, ബദിയഡുക്ക എസ് ഐ കെ വി വിനോദ്കുമാർ, ജനപ്രതിനിധികളായ സൗമ്യ ടി, ശങ്കര, അശ്വിനി, മഹേഷ്, ബാലകൃഷ്ണ ഷെട്ടി, കെ എൻ കൃഷ്ണഭട്ട് എന്നിവർ സംസാരിച്ചു. സായിറാം ഗോപാലകൃഷ്ണഭട്ട് സന്നിഹിതരായിരുന്നു.


## സത്യനാരായണ ബളേരിക്ക് ആദരം

ബള്ളൂർ: പാന്റ് ജിനോം സേവർ നാഷണൽ അവാർഡ് നേടിയ സത്യനാരായണ ബളേരിയെ ജനശ്രീമിഷൻ ബള്ളൂർ മണ്ഡലം കമ്മിറ്റി ആദരിച്ചു.

ജില്ലാ ചെയർമാൻ കെ നീലകണ്ഠൻ ഉദ്ഘാടനം ചെയ്തു. മോഹന ബല്ലാൾ ആധ്യക്ഷം വഹിച്ചു. കല്ലഗ ചന്ദ്രശേഖരറാവു, എം രാജീവൻ നമ്പ്യാർ, കെ വാരിജാക്ഷൻ. പി കെ ഷെട്ടി, രാഘവൻ ബളേരി, ഗോപകുമാർ, നാഗേഷ്, നിഷസജി, വെങ്കപ്പ മണി, പത്മനാഭ, ദയാനന്ദ, കുഞ്ഞിക്കണ്ണൻ, നാരായണ, അനിൽകുമാർ സംസാരിച്ചു.

**കേരളത്തിലെ പ്രശസ്ത ജ്യോതിഷൻ**
**ശ്രീ പണ്ഡിത് കെ. എസ്. മൂർത്തി**
ഇലക്ട്രിസിറ്റി ഓഫീസിനു സമീപം, ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം റോഡ്, കുമ്പള
M.9447650938, 09449718819
ശ്രീദേവി കുട്ടിച്ചാത്തൻ, ദിവ്യദൈവശക്തി, മന്ത്രശക്തി, അഷ്ടമംഗല്യ പ്രശ്നചിന്ത, ഫോട്ടോ നോക്കി ഫലം പറയൽ എന്നിവയ്ക്കും ദു:ഖനിവാരണം, വിദ്യ, ഉദ്യോഗം വിദേശയാത്രകൾ, വിവാഹം, സ്ത്രീ-പുരുഷബന്ധം, ദാമ്പത്യപ്രശ്നങ്ങൾ, ലൈംഗിക പ്രശ്നങ്ങൾ, മാട്ടം, ഭയം തുടങ്ങിയ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം.
NB: ബുക്കിംഗിന് ഫോണിൽ ബന്ധപ്പെടാം.
വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.


Vol -28, Issue No -244 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com